A3

ക്യൂ.ഐ.പി.24266/11/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി, 1.8.2011.

## സർക്കുലർ

3/8/11

വിഷയം:– 2011–2012 വർഷത്തെ ഓണപ്പരീക്ഷയുടെ നടത്തിപ്പ് – സംബന്ധിച്ച്
സൂചന:– ക്യൂ,ഐ.പി.മോണിറ്ററിംഗ് കമ്മിറ്റിയുടെ 1.8.2011ലെ തീരുമാനം

മുൻ വർഷങ്ങളിൽ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ അർദ്ധ വാർഷിക പരീക്ഷ, വാർഷിക പരീക്ഷ എന്നീ രീതിയിൽ രണ്ട് പരീക്ഷകളാണ് നടത്തിയിരുന്നത്. എന്നാൽ ഈ വർഷം മുതൽ ഓണപ്പരീക്ഷ കൂടി നടത്തുവാൻ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഈ പരീക്ഷ താഴെപ്പറയും പ്രകാരം നടത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾ എസ്.സി.ഇ.ആർ.ടി.ഡയറക്ടർ, എസ്.എസ്.എ.ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് പ്രിൻസിപ്പൽമാർ എന്നിവർ നിർവ്വഹിക്കേണ്ടതാണ്.

2/8

2011ലെ ഓണപ്പരീക്ഷകൾ ആഗസ്റ്റ് മാസം 22നും 29നും ഇടയ്ക്ക് നടത്തുന്നതിന് തീരുമാനിച്ചു. എന്നാൽ മുസ്ലീം കലണ്ടർ പിൻതുടരുന്ന വിദ്യാലയങ്ങൾ ഈ പരീക്ഷ സെപ്തംബർ മാസം 14നും 20നും ഇടയിൽ നടത്തേണ്ടതാണ്. എസ്.സി.ഇ.ആർ.ടി.തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ക്വസ്റ്റ്യൻ ബാങ്കിൽ നിന്നും ചോദ്യങ്ങൾ പ്രഥമാദ്ധ്യാപകർ ഡൗൺലോഡ് ചെയ്ത് പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ടതാണ്. പരീക്ഷാ ടൈംടേബിൾ സ്കൂളുകൾ തന്നെ തയ്യാറാക്കാവുന്നതാണ്.

എൽ.പി./യു.പി.സ്കൂളുകൾക്ക് എസ്.എസ്.എ.ആയിരിക്കും ചോദ്യ ബാങ്ക് തയ്യാറാക്കേണ്ടത്. രണ്ട് ക്ലാസ്സ് പീരീഡുകൾ ഒന്നായി കണക്കാക്കി പരീക്ഷാ സമയം ക്രമീകരിക്കേണ്ടതാണ്.

ജൂൺ, ജൂലൈ , ആഗസ്റ്റ് മാസങ്ങളിലെ പഠന യൂണിറ്റുകൾ അടിസ്ഥാനമാക്കി ആയിരിക്കും ചോദ്യ ബാങ്ക് തയ്യാറാക്കുന്നത്. അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ ഒന്നിച്ചിരുന്ന് ഡൗൺ ലോഡ് ചെയ്യുന്ന ചോദ്യങ്ങൾ തെരഞ്ഞെടുത്ത് പരീക്ഷയ്ക്ക് ഉപയോഗിക്കേണ്ടതാണ്.

1/8/2011

പൊതുവിദ്യാഭ്യാസ ഡയറക്ടർ.

പകർപ്പ്:–1. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. (അറിവിലേക്കും അടിയന്തിര തുടർ നടപടിക്കും)
2. ഡയറക്ടർ, എസ്.എസ്.എ. ( ,, ,, ,, )
3. വിദ്യാഭ്യാസ ഉപഡയറക്ടർ ( ,, ,, ,, )
4. ജില്ലാ വിദ്യാഭ്യാസ ഓഫീസർ ( ,, ,, ,, )
5. പ്രിൻസിപ്പൽ ഡയറ്റ്
6. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ. ( ,, ,, ,, )